4. കാപ്റ്റീവ് പദ്ധതികൾ അനുവദിക്കുക.

പണി നടന്നുകൊണ്ടിരിക്കുന്ന ജലവൈദ്യുത പദ്ധതികളുടെ പണി ത്വരിതപ്പെടുത്തുന്നതിനായി ഓരോ പദ്ധതി പ്രദേശത്തും വിവിധ രാഷ്ട്രീയ കക്ഷികളുടെ പ്രതിനിധികൾ ജില്ലാ കളക്ടർ ബന്ധപ്പെട്ട ബോർഡ് ഉദ്യോഗസ്ഥർ ഇവർ ഉൾക്കൊള്ളുന്ന ജനകീയ സമിതികൾ രൂപീകരിച്ചു. ബോർഡ് തലത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചു. പദ്ധതിയുടെ മേൽനോട്ടത്തിലും സമയബന്ധിതമായി പണി പൂർത്തിയാക്കുന്നതിനും ഓരോ പദ്ധതിക്ക് പൂർണ്ണ ചുമതലയുള്ള പ്രോജക്ട് മാനേജർമാരെ നിയമിച്ചു. ഓരോ വർക്കിനും ടാർജറ്റ് നിശ്ചയിച്ച് ജോലികൾ നടത്തിയതിന്റെ ഫലമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ 1007.10 മെഗാവാട്ട് സ്ഥാപിതശേഷിയിൽ വർദ്ധനവുണ്ടാക്കിയിട്ടുണ്ട്.

**മിനിമം വേജസ് നടപ്പിലാക്കാൻ നടപടി**

18 (*196) ശ്രീ. ജി. സുധാകരൻ :
ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. എളമരം കരീം :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. പി. കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ തൊഴിൽ മേഖലകളിലെ തൊഴിലാളികളെ മിനിമം വേജസ് നിയമപരിധിക്കുള്ളിൽ കൊണ്ടുവരുന്നതിനുള്ള നടപടികളുടെ പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ തൊഴിൽ മേഖലകളിലെ തൊഴിലാളികളെ ഇതിനകം പ്രസ്തുത നിയമപരിധിക്കുള്ളിൽ കൊണ്ടുവരാൻ സാധിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) കൂടുതൽ തൊഴിൽ മേഖലകളിലെ തൊഴിലാളികളെ മിനിമം വേജസിന്റെ പരിധിയിൽ കൊണ്ടുവരാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ ഏതൊക്കെ തൊഴിൽമേഖലകളിലെ തൊഴിലാളികളെ എന്ന് വ്യക്തമാക്കുമോ ;

(ഡി) തൊഴിലാളികളെ പ്രസ്തുത നിയമപരിധിയിൽ കൊണ്ടുവരുന്നതിന് സ്വീകരിച്ചു വരുന്ന മാനദണ്ഡം വെളിപ്പെടുത്തുമോ ;

(ഇ) മിനിമം വേതന നിയമം പാലിക്കപ്പെടാതെ വരുന്ന പ്രവണത കണ്ടു വരുന്നുണ്ടോ ;

(എഫ്) എങ്കിൽ ഈ സർക്കാർ അധികാരമേറ്റശേഷം മിനിമം വേതന നിയമലംഘനം സംബന്ധിച്ച് എത്ര കേസുകൾ ശ്രദ്ധയിൽപ്പെട്ടെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) മിനിമം വേതന ലംഘന കേസ്സുകളിൽ സ്വീകരിച്ചു വരുന്ന നടപടി എന്തൊക്കെ എന്ന് വ്യക്തമാക്കുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) ഉണ്ട്.

(ബി) തൊഴിൽ മേഖലകളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു†.

(സി) ഉണ്ട്. മിനിമം വേതന നിയമത്തിന്റെ പരിധിയിൽ ഇനിയും ഉൾപ്പെടുത്താനുള്ള തൊഴിൽ മേഖലകളെക്കുറിച്ചുള്ള വിവരം ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് അത്തരം തൊഴിൽ മേഖലകളെ പ്രസ്തുത നിയമത്തിന്റെ പരിധിയിലുൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ആയിരത്തിൽ കുറയാത്ത തൊഴിലാളികൾ പണിയെടുക്കുന്ന തൊഴിൽ മേഖലകളെയാണ് സാധാരണയായി മിനിമം വേതനനിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നത്.

(ഇ) ഉണ്ട്.

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാർച്ച് 2000 വരെ മിനിമം വേതന നിയമപ്രകാരം 104574 പരിശോധനകൾ നടത്തുകയും 3987 കേസ്സുകൾ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. മിനിമം വേതനം നൽകാത്ത തൊഴിലുടമകൾക്കെതിരെ 1998 മുതൽ 30-9-2000 വരെ 913 ക്ലെയിം പെറ്റീഷനുകൾ ഫയൽ ചെയ്തിട്ടുണ്ട്.

(ജി) തൊഴിൽ നിലയങ്ങളുടെ ശരിയായ പരിപാലനം ഉറപ്പു വരുത്തുന്നതിനും തൊഴിൽ നിയമങ്ങൾ നടപ്പാക്കാത്ത സ്ഥാപനങ്ങളുടെ മേൽ നടപടി എടുക്കുന്നതിനുമായി തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിച്ചുവരുന്നു. കുറഞ്ഞ കൂലി നൽകാത്ത സ്ഥാപനയുടമകൾക്കെതിരെ തൊഴിലാളികളും തൊഴിലാളി സംഘടനകളും ക്ലെയിം പെറ്റീഷനുകൾ ഫയൽ ചെയ്യുന്നതിനു പുറമേ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥന്മാരും ക്ലെയിം പെറ്റീഷനുകൾ ഫയൽ ചെയ്തു വരുന്നു.

## കൃഷിഭൂമി വായ്പാ പദ്ധതി

19 (*197) ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. സത്യൻ മോകേരി :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. സി. എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം I

[1-3-20001-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 18(*196)-ന്റെ 'ബി' ഉത്തരം ദയവായി കാണുക]

തൊഴിലാളികളെ മിനിമം വേജസ് നിയമപരിധിക്കുള്ളിൽ കൊണ്ടുവരാൻ സാധിച്ചിട്ടുള്ള തൊഴിൽ മേഖലകളുടെ പട്ടിക

1. എംപ്ലോയിമെന്റ് ഇൻ വുളർ കാർപെറ്റ്
2. റൈസ് മിൽസ്, ദാൽ മിൽസ്
3. ടുബാക്കോയും ബീഡി നിർമ്മാണവും
4. തോട്ടം മേഖല
5. ഓയിൽ മില്ലുകൾ
6. എംപ്ലോയ്മെന്റ് ഇൻ ലോക്കൽ അതോറിറ്റി
7. റോഡുകളുടെയും കെട്ടിടങ്ങളുടേയും നിർമ്മാണവും അറ്റകുറ്റപ്പണികളും
8. കല്ലുടയ്ക്കലും പാറപൊടിക്കലും
9. ലാക് നിർമ്മാണം
10. മൈക്ക വർക്സ്
11. പബ്ലിക് മോട്ടോർ ട്രാൻസ്പോർട്ട്
12. ടാനറീസ് ലെതർ നിർമ്മാണം
13. കയർ വ്യവസായം
14. കശുവണ്ടി വ്യവസായം
15. ആർട്ട്പാൻ
16. വാട്ടർബോട്ട് ട്രാൻസ്പോർട്ട് (മോട്ടോർ ബോട്ട് ട്രാൻസ്പോർട്ട് ഒഴികെ)
17. പ്രിന്റിംഗ് പ്രസ്സ്
18. ഓട് വ്യവസായം
19. കള്ള് ചെത്ത് വ്യവസായം
20. തീപ്പെട്ടി വ്യവസായം
21. കടകളും വാണിജ്യ സ്ഥാപനങ്ങളും
22. തടി വ്യവസായം
23. ഇഷ്ടിക നിർമ്മാണം
24. എംപ്ലോയ്മെന്റ് ഇൻ ബാങ്ക്സ്
25. കൈത്തറി വ്യവസായം
26. പ്ലൈവുഡ് വ്യവസായം
27. മൈനർ പോർട്ട്സ്

LIBRARY ARCHIVES Kerala Legislative Assembly

28. ഫോറസ്റ്റുകൾ
29. റബ്ബർ ഉല്പന്നങ്ങൾ
30. മൈനർ എഞ്ചിനീയറിംഗ്
31. ചെറുകിട ഡാമുകളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും
32. മത്സ്യ സംസ്ക്കരണവും കയറ്റുമതിയും
33. മലഞ്ചരക്ക് വ്യവസായം
34. ആയുർവേദ അലോപ്പതി മരുന്നു നിർമ്മാണം
35. എംപ്ലോയ്മെന്റ് ഇൻ പവർലൂം വ്യവസായം
36. ആനകളുടെ പരിപാലനം
37. കൊപ്രാ വ്യവസായം
38. ഹോസിയറി മാനുഫാക്ചറിംഗ്
39. ഐസ് ഫാക്റ്ററികൾ
40. കുട നിർമ്മാണം
41. ഹോസ്റ്റലുകൾ
42. റബ്ബർ ക്രേപ്പ് മില്ലുകൾ
43. മദ്യ വ്യവസായം
44. സിനിമാ തീയേറ്ററുകൾ
45. ക്രംപ് റബ്ബർ
46. മണൽ വാരലും കയറ്റിറക്കും
47. അലുമിനിയം-ടിൻ നിർമ്മാണം
48. ലൈറ്റ് മോട്ടോർ വെഹിക്കിൾസ്
49. എണ്ണപ്പനകൃഷി
50. മാർബിൾ ആന്റ് ഗ്രാനൈറ്റ്
51. ബേക്കറി, ടോഫി
52. ഇലക്ട്രിക് എക്വിപ്മെന്റ് സോഫ്റ്റ്വെയർ
53. സോപ്പു നിർമ്മാണം
54. കംപ്യൂട്ടർ സോഫ്റ്റ്വെയർ വ്യവസായം
55. പ്ലാസ്റ്റിക് വ്യവസായം
56. വയർകട്ട് ബ്രിക്സ്
57. സ്ക്രീൻ പ്രിന്റിംഗ്
58. ഹാന്റി ക്രാഫ്റ്റ്സ്
59. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം
60. ഫിലിം നിർമ്മാണ വ്യവസായം

LIBRARY ARCHIVES Kerala Legislative Assembly

61. ഡയമണ്ട് കട്ടിംഗ് പോളീഷിംഗ്
62. ഖാദി വ്യവസായം
63. ചൂരൽ, മുള വ്യവസായം
64. ചലച്ചിത്ര നിർമ്മാണം, ടെലിഫിലിം നിർമ്മാണം
65. സ്വകാര്യ വിദ്യാലയങ്ങളിലെ അദ്ധ്യാപകരല്ലാത്ത ജീവനക്കാർ
66. സെക്യൂരിറ്റി സർവ്വീസ്
67. യന്ത്രവൽകൃത മത്സ്യബന്ധന മേഖല
68. സ്വകാര്യ ആശുപത്രികൾ
69. എൽ.പി. ഗ്യാസ് ഏജൻസികൾ
70. എക്സ്പോർട്ട് പ്രോസസിംഗ് സോൺ ഉൾപ്പെടെയുള്ള ഇലക്ട്രോണിക് വ്യവസായം
71. സെയിൽസ് പ്രൊമോഷൻസ് ഓഫ് ഫാർമസ്യൂട്ടിക്കൽസ്
72. പെട്രോൾ പമ്പുകൾ

## അനുബന്ധം II

**[1-3-2001-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 20(*198)-ന്റെ 'എ' ഉത്തരം ദയവായി കാണുക]**

പട്ടികജാതി വികസനവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 41 വ്യവസായ പരിശീലനകേന്ദ്രങ്ങളുടെ (ഐ.റ്റി.സി.കളുടെ) വിശദവിവരം :-

| | |
|---|---|
| തിരുവനന്തപുരം | 1. കാഞ്ഞിരംകുളം |
| | 2. മരിയാപുരം |
| | 3. കടകംപള്ളി |
| | 4. അഞ്ചാമട |
| | 5. ശിങ്കാരത്തോപ്പ് |
| | 6. ആറ്റിപ്ര |
| | 7. പേരുമല |
| | 8. വർക്കല |
| | 9. ഇടയ്ക്കോട് |
| കൊല്ലം | 10. ഓച്ചിറ |
| | 11. കുളക്കട |
| | 12. വെട്ടിക്കവല |
| പത്തനംതിട്ട | 13. പന്തളം |
| | 14. ഐക്കാട് |

LIBRARY ARCHIVES Kerala Legislative Assembly